**അനെർട്ട് Chief Executive Officer-ഉടെ നടപടിക്രമം**
(**ഹാജർ:** Narendra Nath Veluri I F S)

**സംഗ്രഹം**

അനെർട്ടിന്റെ ഉടമസ്ഥതയിലുള്ള KL-01-T-5928 അംബാസിഡർ കാർ കണ്ടം ചെയ്യുന്നതിനായി ക്ഷണിച്ച ക്വട്ടേഷൻ/ലേല നോട്ടീസ് റദ്ദ് ചെയ്തു ഉത്തരവാകുന്നു.

ഫയൽ നം. ANERT-ADM/41/2019-OA1(HRM)

A.O. No. 156/2022/ANERT 08/08/2022

പരാമർശം: 21-05-2022 ലെ ഇതേ നമ്പർ ക്വട്ടേഷൻ/ലേല നോട്ടീസ്

**ഉത്തരവ്**

അനെർട്ടിന്റെ ഉടമസ്ഥതയിലുള്ള KL-01-T-5928 അംബാസിഡർ കാർ കണ്ടം ചെയ്യുന്നതിന്റെ ഭാഗമായി മേൽ പരാമർശം പ്രകാരം ക്വട്ടേഷൻ/ലേല നോട്ടീസ് പ്രസിദ്ധീകരിക്കുകയും പ്രസ്തുത വാഹനത്തിന്റെ ലേലം 23-06-2022 ന് 11.30 മണിക്ക് നടത്തിയിട്ടുള്ളതും ലഭിച്ച ക്വട്ടേഷൻ തുറന്ന് പരിശോധിച്ചതിലും ക്വട്ടേഷൻ/ലേലത്തിൽ ഏറ്റവും ഉയർന്ന തുകയായി 25,250 രൂപ ശ്രീ.അഹമദ് കബീർ.എസ് എന്നയാൾ ലേലം വിളിച്ചിട്ടുള്ളതാണ്.

വാഹനത്തിന്റെ കുടിശ്ശികയായുള്ള ടാക്സ്, ഇൻഷുറൻസ് മുതലായവ ഒടുക്കേണ്ട ബാധ്യത ലേലം കൊണ്ടയാൾക്ക് ആയിരിക്കുന്നതാണ് എന്നും ഏറ്റവും ഉയർന്ന നിരക്കിൽ ക്വട്ടേഷൻ/ലേലം കൊള്ളുന്നയാൾ നിരതദ്രവ്യത്തിനു പുറമെ ലേലതുകയുടെ 50% തുക കൂടി തൽസമയം അടയ്ക്കേണ്ടതാണ് എന്നും ക്വട്ടേഷൻ/ലേല നോട്ടീസിൽ നിർദ്ദേശിച്ചിരുന്നു.

എന്നാൽ ലേലം കൊണ്ടയാൾ 50% തുക തൽസമയം അടച്ചിട്ടില്ലാത്തതും ലേലം കൊണ്ട തുകയുടെ 50% തുക അടച്ചാൽ വാഹനം ഉടനെ നൽകണം എന്ന് ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായി. കൂടാതെ വാഹനത്തിന്റെ കുടിശ്ശികയായിട്ടുള്ള ടാക്സ് മറ്റ് ചാർജ്ജുകൾ വഹിക്കാൻ തയ്യാറല്ല എന്നും അറിയിച്ചതിനാൽ ലേലംകൊണ്ടയാൾക്ക് ക്ഷണിച്ച ക്വട്ടേഷൻ /ലേല നോട്ടീസ് പ്രകാരമുള്ള നടപടി പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളതാണ്.

ക്വട്ടേഷൻ/ലേലം യാതൊരു കാരണമോ മുന്നറിയിപ്പോ കൂടാതെ നിർത്തി വയ്ക്കാനോ , നീട്ടി വയ്ക്കുന്നതിനോ, റദ്ദാക്കുന്നതിനോ ഉള്ള അധികാരം അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ് എന്ന് ക്വട്ടേഷൻ/ലേല നോട്ടീസിൽ വ്യക്തമാക്കിയിരുന്നതാണ്.

മേൽ സാഹചര്യത്തിൽ അനെർട്ടിന്റെ ഉടമസ്ഥതയിലുള്ള KL-01-T-5928 അംബാസിഡർ കാർ കണ്ടം ചെയ്യുന്നതിന്റെ ഭാഗമായി പരാമർശം പ്രകാരം ക്ഷണിച്ച ക്വട്ടേഷൻ/ലേല നോട്ടീസും അതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികളും റദ്ദ് ചെയ്തു ഉത്തരവാകുന്നു.

Narendra Nath Veluri I F S
Chief Executive Officer

1.ഫിനാൻസ് സെക്ഷൻ, അനെർട്ട്
2.നോട്ടീസ് ബോർഡ്/വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്
3.ഓഫീസ് കോപ്പി